അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനവും ഫീസ് നിരക്കുകളും

189(T2178) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക്/വില്ലേജ് ഓഫീസുകളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന് ചുമതലപ്പെടുത്തിയ അക്ഷയ കേന്ദ്രങ്ങൾ ശരിയാംവണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ; അതിനുള്ള സംവിധാനങ്ങളും ക്രമീകരണങ്ങളും എന്തെന്ന് വിശദമാക്കുമോ ;

(ബി) ഓരോ സർട്ടിഫിക്കറ്റിനും പൊതുജനങ്ങളിൽനിന്ന് അക്ഷയ കേന്ദ്രങ്ങൾ ഈടാക്കേണ്ട ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഫീസ് നിരക്കുകൾ അക്ഷയ കേന്ദ്രങ്ങളിൽ പട്ടികയായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-ഡിസ്ട്രിക്ട് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻവഴി താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുക മാത്രമാണ് അക്ഷയ കേന്ദ്രങ്ങൾ ചെയ്യുന്നത്. ഈ അപേക്ഷ, അതാത് വില്ലേജ് ഓഫീസുകളിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയും സാക്ഷ്യപത്രങ്ങൾ നൽകുകയും ചെയ്യുന്നു. ഈ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് അക്ഷയകേന്ദ്രങ്ങൾ വഴിയും ലഭ്യമാണ്. ഇ-ഡിസ്ട്രിക്ട് വഴി അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ (കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, ഇന്റർനെറ്റ് കണക്ടിവിറ്റി) എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ലഭ്യമാണ്.

(ബി) ഉണ്ട്. താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട വിവിധതരം സാക്ഷ്യപത്രങ്ങൾക്കുള്ള ഓരോ അപേക്ഷയ്ക്കും ജനറൽ കാറ്റഗറിയിലുള്ളവർ 17 രൂപയും (10 രൂപ അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ് + 5 രൂപ റവന്യൂ സ്റ്റാമ്പ് + 2 രൂപ സർക്കാർ വിഹിതം), ബി.പി.എൽ. കാറ്റഗറിയിലുള്ളവർ 15 രൂപയും (10 രൂപ അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് + 5 രൂപ റവന്യൂ സ്റ്റാമ്പ്), SC/ST വിഭാഗത്തിലുള്ളവർക്ക് 10 രൂപയും അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജായി നൽകേണ്ടതാണ്. ഇതു കൂടാതെ പ്രിന്റിംഗിനും സ്കാനിംഗിനുമുള്ള സേവനം ലഭിയ്ക്കുന്നതിന് ഓരോ പേജിനും 2 രൂപ നിരക്കിൽ നൽകേണ്ടതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.
855/17

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ സേവനങ്ങൾക്ക് ഈടാക്കേണ്ട ഫീസ് നിരക്കുകളുടെ ചാർട്ട് എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നാൽ ചില സേവനങ്ങളുടെ സർവ്വീസ് ചാർജ്ജിൽ ഭേദഗതി വന്നിട്ടുള്ളതിനാൽ പുതുതായി അച്ചടിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിൽ ഇ-ഡിസ്ട്രിക്ട് സേവനങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാവിധ സേവനങ്ങൾക്കും ഈടാക്കുന്ന ഫീസ് പ്രദർശിപ്പിക്കുവാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹാംലെറ്റ് പദ്ധതി

190(2179) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹാംലെറ്റ് പദ്ധതിയുടെ കീഴിൽ എത്ര കോളനികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഈ കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി എത്രവരെയായെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളും, 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളും തെരഞ്ഞെടുത്ത് ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2013-14 വർഷം കപ്പള്ളി, മയിലാംകോട്ട എന്നീ 2 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷം ചുള്ളി കോളനി, അരിങ്കല്ല് കോളനി കൂടാതെ കണ്ടങ്കോറടുക്ക, മാവിനക്കട്ട, പെൽത്തട്ടുക്ക എന്നീ കോളനികൾചേർന്ന ഒരു ക്ലസ്റ്റർ ഉൾപ്പെടെ 3 സങ്കേതങ്ങളിലും ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രവൃത്തികൾ 30-9-2015-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പുരോഗതി വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly